# പതിനാലാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം 1570 — 05/02/2019-ൽ മറുപടിയ്ക്ക്

## ലൈഫ് പദ്ധതി

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | **ശ്രീ.കെ.ജെ.മാക്സി** | | **ശ്രീ.എ.സി.മൊയ്തീൻ**<br>(തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി) |
| എ) | ഭവന രഹിതരെയും ഭൂരഹിത ഭവനരഹിതരെയും ലക്ഷ്യമിട്ട് നടപ്പിലാക്കിയ ലൈഫ് പദ്ധതിയിലൂടെ എത്ര കുടുംബങ്ങളെ കണ്ടെത്തിയിട്ടുണ്ട്; ഭവനരഹിതർ, ഭൂരഹിതഭവനരഹിതർ എന്നിങ്ങനെ തരം തിരിച്ച് വ്യക്തമാക്കാമോ; | എ) | ലൈഫ് മിഷൻ, കുടുംബശ്രീ മുഖേന നടത്തിയ സർവ്വേയിൽ ഭൂമിയുള്ള ഭവനരഹിതരായും ഭൂരഹിത ഭവനരഹിതരായും 521671 ഗുണഭോക്താക്കളെ കണ്ടെത്തിയിട്ടുണ്ട്. ഇതിൽ<br>ഭൂമിയുള്ള ഭവന രഹിതർ — 1,84,255 പേരും<br>(ഇതിൽ അർഹത തെളിയിച്ച ഗുണഭോക്താക്കൾ - 100618)<br>ഭൂരഹിതഭവനരഹിതർ - 3,37,416 പേരുമാണ്. |
| ബി) | പ്രസ്തുത പദ്ധതിയിലൂടെ നാളിതുവരെ എത്ര ഭവനരഹിതരായ കുടുംബങ്ങൾക്കും എത്ര ഭൂരഹിതഭവന രഹിതരായ കുടുംബങ്ങൾക്കും വീട് ലഭ്യമാക്കി എന്നും ഇതിനായി ചെലവായ തുക എത്ര എന്നും വിശദമാക്കാമോ; | ബി) | അർഹരായി കണ്ടെത്തിയ ഭൂമിയുള്ള ഭവനരഹിതരായ 100618 ഗുണഭോക്താക്കളിൽ 79,384 പേർ തദ്ദേശ സ്വയംഭരണ സ്ഥാപനവുമായി എഗ്രിമെന്റ് വയ്ക്കുകയും 66,514 ഗുണഭോക്താക്കൾ വീടിന്റെ നിർമ്മാണം ആരംഭിക്കുകയും 3060 വീടുകളുടെ നിർമ്മാണം പൂർത്തീകരിച്ചിട്ടുമുണ്ട്. ഇതിലേക്കായി 742.20 കോടി രൂപ ധനസഹായമായി (തദ്ദേശ സ്വയംഭരണ വിഹിതവും ഹഡ്കോ ലോൺ തുകയും) നൽകിയിട്ടുണ്ട്. ഭൂരഹിത ഭവനരഹിതർക്ക് വീട് ലഭ്യമാക്കുന്നത് ലൈഫ് പദ്ധതിയുടെ 3-ാം ഘട്ടത്തിൽ ഉൾപ്പെടുത്തിയാണ്. |
| സി) | അവശേഷിക്കുന്നവർക്ക് ലൈഫ് പദ്ധതിയിലൂടെ എപ്പോൾ വീട് ലഭ്യമാക്കുവാൻ സാധിക്കുമെന്ന് വിശദമാക്കാമോ? | സി) | ലൈഫ് പദ്ധതിയുടെ രണ്ടാം ഘട്ടത്തിൽ ഉൾപ്പെടുത്തിയിട്ടുള്ള ഭൂമിയുള്ള ഭവനരഹിതരിൽ അർഹരായി കണ്ടെത്തിയവരിൽ എഗ്രിമെന്റ് വയ്ക്കുന്ന എല്ലാവർക്കും അടുത്ത സാമ്പത്തിക വർഷത്തോടെ വീട് ലഭ്യമാക്കുന്നതിനാണ് ലക്ഷ്യമിട്ടിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ